19-05-2007
Vol-1,NO:7

Kerala Catholic Bishops Council's

# Commission for Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

Commission Chairman
Archbishop Mar Joseph Powathil
Commission Secretary
Fr. Johny Kochuparambil mst

# Pm{KX

Vice-Chairmen
Archbishop Dr. Daniel Acharuparambil
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

## പ്രധാനവാർത്തകൾ

01. മാന്യമായ തൊഴിലും വേതനവും വികസനത്തിന്റെ കാതൽ : വത്തിക്കാൻ.
02. ഭാരതത്തിലെ കരിസ്മാറ്റിക് പ്രസ്ഥാനം ശക്തം: മാർപാപ്പ.
03. സാമൂഹ്യപ്രതിബദ്ധത: സർക്കാരിനും കടമയുണ്ടെന്നു മാർ പവ്വത്തിൽ.
04. സ്വാശ്രയക്കേസിൽ സ്റ്റേ ഇല്ല.
05. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നികുതി 12.5%.
06. എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകുമെന്ന് ഇന്റർ ചർച്ച് സമിതി.
07. ഒഴിപ്പിക്കൽ നടപടി വ്യാപിക്കണം.
08. മലയാളി വൈദികന് ഡൽഹിയിൽ വെടിയേറ്റു.
09. മുരിങ്ങൂർ ധ്യാനകേന്ദ്രം അന്വേഷണം തുടരാം.

## 01. മാന്യമായ തൊഴിലും വേതനവും വികസനത്തിന്റെ കാതൽ : വത്തിക്കാൻ

മാന്യവും മഹനീയവും തുല്യ വേതനവുമുള്ള തൊഴിൽ മാനവരാശിയുടെ സാമൂഹികവും ധാർമ്മികവും സാംസ്കാരികവുമായ വികസനത്തിന്റെ കാതലെന്ന് ആർച്ച് ബിഷപ്പ് സെലന്റീനോ മിഗ്ലിയോർ പ്രസ്താവിച്ചു. യു എൻ ഇക്കോണമിക് ആന്റ് സോഷ്യൽ കൗൺസലിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജോലിക്കാർക്ക് സംരക്ഷണം നൽകുന്നതും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതുമായ സാമ്പത്തികവും ധാർമ്മികവുമായ വളർച്ചയ്ക്ക് വേണ്ടി ഗവൺമെന്റുകളും ഇന്റർ നാഷണൽ സംഘടനകളും പ്രവർത്തിക്കണം. ജോലി എന്നത് ഓരോ വ്യക്തിയുടെയും അവകാശമാണ്. അതുപോലെ തന്നെ സമൂഹത്തിന്റയും മാനവരാശിയുടെയും നന്മയ്ക്കു വേണ്ടി വിലപ്പെട്ട സംഭാവനകൾ നൽകുവാനും അവന് കടമയുണ്ട്. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വികസനം മാന്യമായ തൊഴിലിന് കഴിയുമെന്ന് ആർച്ച് ബിഷപ്പ് ചൂണ്ടിക്കാട്ടി. ലോകത്തിലെ നൂറുകോടിയിലധികം വരുന്ന കാർഷിക തൊഴിലാളികൾക്ക് യാതൊരു തൊഴിൽ സുരക്ഷയും ലഭിക്കുന്നില്ല. മാന്യമായ തൊഴിലും വേതനവും എല്ലാവർക്കും ലഭ്യമാക്കണം. ബാലവേല സമൂഹത്തിന്റെ ശാപമാണെന്നും അത് നിർമ്മാർജ്ജനം ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പാവപ്പെട്ടവർക്കും മാന്യമായ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള അവസരം ഒരുക്കണം; അദ്ദേഹം വ്യക്തമാക്കി.
(Shaloms 13-05-2007)

## 02. ഭാരതത്തിലെ കരിസ്മാറ്റിക് പ്രസ്ഥാനം ശക്തം: മാർപാപ്പ.

ഭാരതത്തിലെ കത്തോലിക്ക കരിസ്മാറ്റിക് പ്രസ്ഥാനം വളരെ ശക്തമാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പറഞ്ഞു. ആഗോള കത്തോലിക്ക കരിസ്മാറ്റിക് സർവ്വീസ് ടീം അധ്യക്ഷ മിഷൻ മോറൻ, ഉപധ്യക്ഷൻ സിറിൽ ജോൺ എന്നിവർക്ക് അനുവദിച്ച കൂടിക്കാഴ്ചയിലാണ് മാർപാപ്പ ഈ പ്രശംസ ചൊരിഞ്ഞത്. ഏപ്രിൽ 25-ന് വത്തിക്കാനിൽ വച്ചാണ് മിഷലും സിറിലും മാർപാപ്പയെ സന്ദർശിച്ചത്.

റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന കത്തോലിക്ക കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ആഗോള സർവ്വീസ് ടീം റോമിൽ ചേർന്നാണ് പുതിയ ഭാരവാഹികളായി മിഷലിനെയും സിറിലിനെയും തിരഞ്ഞെടുത്തത്. ഏപ്രിൽ 19 മുതൽ 24 വരെയായിരുന്നു സമ്മേളനം. ഈ ഉന്നത പദവിയിലെത്തുന്ന ആദ്യത്തെ ഭാരതീയനും

മലയാളിയുമാണ് സിറിൽ. കത്തോലിക്ക സഭയുടെ അല്മായർക്കുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘടനയാണ് കഇഇഗട അഥവാ കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനങ്ങൾക്കായുള്ള ആഗോള ശുശ്രൂഷാസംവിധാനം. വത്തിക്കാനിലുള്ള കാൻചെല്ലാറിയയിലെ പ്ലാസോസെല്ലായിലാണ് ഓഫീസ്. കത്തോലിക്കാ കരിസ്മാറ്റിക് പ്രസ്ഥാനം സഭയ്ക്ക് നൽകുന്ന സേവനങ്ങളെ മാർപാപ്പ പ്രശംസിക്കുകയും സഭയുടെ പേരിൽ നന്ദി രേഖപ്പെടുത്തുകയും ചെയ്തു. സിറിൽ ഭാരതീയനാണെന്ന് തിരിച്ചറിഞ്ഞപ്പോഴാണ് മാർപാപ്പ ഭാരതത്തിലെ കരിസ്മാറ്റിക് കരുത്തിനെ പ്രശംസിച്ചത്. (Shaloms 13-05-2007)

## 03. സാമൂഹ്യപ്രതിബദ്ധത: സർക്കാരിനും കടമയുണ്ടെന്നു മാർ പവ്വത്തിൽ

വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ പ്രതിബദ്ധത പുലർത്താൻ സർക്കാരുൾപ്പെടെ എല്ലാവർക്കും കടമയുണ്ടെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ്പ് ജോസഫ് പവ്വത്തിൽ. ന്യൂനപക്ഷങ്ങൾക്ക് തങ്ങളുടെ സ്വാശ്രയ സ്ഥാപനങ്ങളിൽ നൂറുശതമാനവും തങ്ങളുടെ കുട്ടികളെ തന്നെ പ്രവേശിപ്പിക്കാൻ അവകാശമുണ്ട്. ക്രൈസ്തവ സ്ഥാപനങ്ങളിൽ 10 മുതൽ 25 ശതമാനം വരെ ഓരോ സ്ഥലത്തേയും സാഹചര്യങ്ങളനുസരിച്ച് സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് പ്രവേശനം നൽകും. ക്രൈസ്തവർ എക്കാലവും പുലർത്തുന്ന സാമൂഹ്യ പ്രതിബദ്ധതയിൽ ഉറച്ചു നിന്നായിരിക്കും ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുക.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാകും മുമ്പ് കേരളത്തിൽ പ്രഫണൽ വിദ്യാഭ്യാസത്തിന്റെ സകല ചെലവും ധനിക ദരിദ്ര ഭേദമില്ലാതെ എല്ലാ കുട്ടികളുടേതും വഹിച്ചിരുന്നത് ജനങ്ങളുടെ നികുതിപ്പണം കൊണ്ടായിരുന്നു. സ്വാശ്രയ പ്രഫണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അനിവാര്യമായ ആവിർഭാവത്തോടെ അവിടെ പഠിക്കുന്ന പാവപ്പെട്ട യോഗ്യരായ വിദ്യാർത്ഥികളുടെ പഠനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ മുൻകൈയെടുക്കേണ്ടത് സർക്കാരാണ്. നികുതിപ്പണം മുഴുവൻ കൈകാര്യം ചെയ്യുന്ന സർക്കാർ ഇതിനായി പാവപ്പെട്ട കുട്ടികൾക്ക് സ്ക്കോളർഷിപ്പ് ഏർപ്പെടുത്തണം.

പ്രഫണൽ വിദ്യാഭ്യാസമായതുകൊണ്ട് കുറഞ്ഞ പലിശ നിരക്കിലുള്ള ബാങ്കു ലോണുകൾ ലഭ്യമാക്കണം. മാനേജ്മെന്റുകളും തങ്ങളുടെ സാഹചര്യമനുസരിച്ച് ഒരു നിശ്ചിത ശതമാനം പാവപ്പെട്ട വിദ്യാർത്ഥികളെ സൗജന്യനിരക്കിൽ പഠിപ്പിക്കാൻ തയ്യാറാകും. ഇങ്ങനെ കൂട്ടായ പ്രവർത്തനങ്ങളിലൂടെയേ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയൂ. അല്ലാതെ എല്ലാ ചുമതലയും മാനേജ്മെന്റിന്റെ തലയിൽ കെട്ടി വയ്ക്കാനുള്ള നിലപാട് ശരിയല്ല. ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷന്റെ സമ്മേളനം അടുത്തു തന്നെ കൂടി പൊതുവായ നിലപാടുകളും വിശദാംശങ്ങളും പ്രഖ്യാപിക്കുമെന്ന് മാർ പവ്വത്തിൽ അറിയിച്ചു. (Deepika- 09-05-2007)

## 04. സ്വാശ്രയക്കേസിൽ സ്റ്റേ ഇല്ല.

സ്വാശ്രയ പ്രഫണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമസഭ പാസാക്കിയ നിയമത്തിലെ സുപ്രധാന വ്യവസ്ഥകൾ റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന സംസ്ഥാന സർക്കാരിന്റെ പ്രത്യേകാനുമതി ഹർജി ഫയലിൽ സ്വീകരിച്ച സുപ്രീം കോടതി കേസ് പിന്നീട് അന്തിമ ഉത്തരവിനായി പരിഗണിക്കും. അത് എന്നുണ്ടാകുമെന്ന് ഇപ്പോൾ വ്യക്തമല്ല. ഫലത്തിൽ ഈ വർഷം സ്വാശ്രയ സ്ഥാപനങ്ങളിലെ 100% സീറ്റിലും മാനേജ്മെന്റുകൾക്കു പ്രവേശനം നടത്താം. അതിനായി മാനേജ്മെന്റുകളുടെ കൺസോർഷ്യത്തിനു പരീക്ഷ നടത്താം. യോഗ്യത പരീക്ഷയുടെയും പ്രവേശന പരീക്ഷയുടെയും മാർക്കുകളുടെ അടിസ്ഥാനത്തിലാവും റാങ്ക് നിശ്ചയിക്കുക, പരീക്ഷയ്ക്ക് പുറമെ അഭിമുഖം നടത്തുന്ന രീതി ഈ വർഷം മുതലുണ്ടാവില്ലെന്നു മെഡിക്കൽ മാനേജുമെന്റുകൾ കോടതിയിൽ ഉറപ്പു നൽകി.

പുതിയ സ്വാശ്രയ നിയമത്തിലെ വിദ്യാർത്ഥി പ്രവേശനം, ഫീസ് ഘടന, സംവരണം, ന്യൂന പക്ഷ പദവി നിർണ്ണയം തുടങ്ങിയവ സംബന്ധിച്ച വിവാദ വ്യവസ്ഥകളായിരുന്നു ചീഫ് ജസ്റ്റിസ് വി. കെ ബാലി, ജഡ്ജി പി. ആർ രാമൻ എന്നിവരുൾപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് കഴിഞ്ഞ ജനുവരി 4-ന് നൽകിയ വിശദമായ ഉത്തരവിലൂടെ റദ്ദാക്കിയത്. ഈ ഉത്തരവിന്റെ പേരിൽ സി. പി എമ്മിന്റെ പോഷക സംഘടനകൾ ചീഫ് ജസ്റ്റിസിനെ അപകീർത്തിപ്പെടുത്തുന്ന പ്രചാരണങ്ങളുമായി തെരുവിലിറങ്ങിയിരുന്നു.

തിരഞ്ഞെടുപ്പു വാഗ്ദാനം പാലിക്കാൻ വേണ്ടി അനാവശ്യ തിടുക്കത്തിലും മനസ്സിരുത്താതെയുമാണ് സർക്കാർ നിയമം കൊണ്ടു വന്നതെന്ന് ഹൈക്കോടതി വിമർശിച്ചിരുന്നു. ന്യൂനപക്ഷ അവകാശങ്ങൾ പൂർണ്ണ

മായി കവർന്നെടുക്കുന്നതാണ് നിയമത്തിലെ വ്യവസ്ഥകളെന്നും വ്യക്തമാക്കി. ഈ ഉത്തരവ് ചോദ്യം ചെയ്തു നൽകിയ ഹർജിയിൽ ഉന്നയിച്ച പ്രധാന ആവശ്യം സ്റ്റേ ആയിരുന്നു. പക്ഷെ ഇന്നലെ സർക്കാർ അഭിഭാഷകർ വാദിച്ചതത്രയും പരീക്ഷാനടത്തിപ്പിൽ സർക്കാരിനുള്ള അവകാശത്തിനു വേണ്ടിയാണ് എന്നത് ശ്രദ്ധേയമായി.

സർക്കാർ ഉന്നയിച്ച പി. എ മുഹമ്മദ്ദ് കമ്മിറ്റി പ്രവേശന നടപടികളിൽ മാനേജ്മെന്റുകളുടെ ഭാഗത്തു ക്രമക്കേടു കണ്ടെത്തിയതായി സർക്കാരിനു വേണ്ടി ഹാജരായ കെ. കെ വേണുഗോപാലും സി. എസ് വൈദ്യ നാഥനും പി. പി ദിനേശും വാദിച്ചു. അതൊരു കമ്മിറ്റിയുടെ കണ്ടെത്തൽ മാത്രമാണെന്നും കോടതി അത് ശരിവെച്ചിട്ടില്ലെന്നും ബെഞ്ച് നിരീക്ഷിച്ചു. സർക്കാർ പരീക്ഷാനടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു, മനേജ്മെന്റുകൾ ഇനിയും നടപടിയെടുത്തിട്ടില്ല, ക്രമവിരുദ്ധമായ രീതിയിലാണ് ഇതുവരെ അവർ പരീക്ഷ നടത്തിയിട്ടുള്ളത് എന്ന് സർക്കാർ വാദിച്ചു. നഴ്സിംങ് പ്രവേശന നടപടികൾ പൂർത്തിയായെന്ന് അവരുടെ അഭിഭാഷകർ അറിയിച്ചു. പ്രവേശന നടപടികൾ പൂർത്തിയാക്കാൻ മെഡിക്കൽ മാനേജ്മെന്റുകൾക്കു സെപ്റ്റംബർ 30 വരെ സമയമുണ്ടെന്നും ഒറ്റപ്പെട്ട ക്രമക്കേട് തുടരുമെന്ന് പറയാനാവില്ലെന്നും കോടതി മറുപടി നൽകി. പരീക്ഷാനടത്തിപ്പിനായി ഉടനെ മാനേജ്മെന്റുകളുടെ കൺസേർഷ്യം പരസ്യം നൽകുന്നില്ലെങ്കിൽ സർക്കാരിനു തങ്ങളുടെ മുൻപാകെ വരാം. മെഡിക്കൽ, എൻജിനീയറിങ്, നഴ്സിംങ് സ്ഥാപനങ്ങളുടെ മാനേജ്മെന്റുകൾക്കു വേണ്ടി ഹരീഷ് സാൽവെ, ടി. ആർ അന്ത്യാർജുന, എൽ. നാഗേശ്വര റാവു, റോമി ചാക്കോ, ബീന മാധവൻ എന്നിവർ ഹാജരായി.

(Malayala Manorama- 08-05-2007)

05. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു നികുതി 12.5%.

മുഴുവൻ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 12.5% സേവന നികുതി ഏർപ്പെടുത്തുന്നു. ന്യൂഡൽഹിയിൽ നടന്ന വാറ്റ് ഉന്നതാധികാര മന്ത്രിതല സമിതിയാണ് ഈ തിരുമാനമെടുത്തത്. ആഡംബര ആശുപത്രികൾ, അമ്യൂസ്മെന്റ് പാർക്കുകൾ തുടങ്ങിയവയ്ക്കും 12.5% സേവനനികുതി ഈടാക്കും.

സർക്കാർ, എയ്ഡഡ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കും. അൺ എയ്ഡഡ് സ്കൂളുകൾ, സ്വാശ്രയ മെഡിക്കൽ എൻജിനീയറിങ്, ഡന്റൽ, നഴ്സിംങ് കോളേജുകൾ തുടങ്ങിയവയ്ക്കെല്ലാം 12.5% സേവന നികുതി ഏർപ്പെടുത്തും. സർക്കാർ ആശുപത്രികൾക്കു പുറമേ സാധാരണക്കാർ ആശ്രയിക്കുന്ന ചെറുകിട ആശൂപത്രികളെയും പൊതുഗതാഗതത്തേയും സേവന നികുതിയിൽ നിന്നൊഴിവാക്കുമെന്നും വാറ്റ് ഉന്നതാധികാര സമിതി അധ്യക്ഷനും ബംഗാൾ ധനമന്ത്രിയുമായ അസിംദാസ് ഗുപ്ത പറഞ്ഞു. ഡോ. തോമസ് ഐസക്ക് ഉൾപ്പെടെയുള്ള ധനമന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു. കേരളത്തിലെ സ്വാകാര്യ വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ വൻ പ്രത്യഘാതം സൃഷ്ടിക്കുന്നതാണ് വാറ്റ് സമിതിയുടെ തീരുമാനം. കെട്ടിട നികുതിയടക്കം നിലവിലുള്ള നികുതിക്കു പുറമെയാകും സ്വാകാര്യ സ്വാശ്രയ സ്ഥപനങ്ങൾക്ക് സേവന നികുതി നൽകേണ്ടി വരിക. ആഡംബര ആശുപത്രികൾ അടക്കമുള്ളവയ്ക്ക് മാനദണ്ഡവും നിർവ്വചനവും ഉണ്ടാക്കും. സ്റ്റാർ ഹോട്ടലുകളെയും മറ്റും തിരിക്കുന്നതുപോലെ പ്രത്യേക സമ്പദ് മേഖലകൾക്കുള്ളിൽ ( എസ്. ഇ. ഹെഡ്) സംസ്ക്കരണ മേഖലയ്ക്ക് പുറത്തു വരുന്ന സ്കൂളുകൾ, ആശൂപത്രികൾ, വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്കെല്ലാം സേവന നികുതി ഈടാക്കാൻ അതത് സംസ്ഥാന സർക്കാരുകൾക്ക് അവകാശമുണ്ടാകണമെന്ന കേരളത്തിന്റെ വാദം യോഗം അംഗീകരിച്ചു. പ്രത്യേക സാമ്പത്തിക മേഖലയിൽ നിന്നു ആഭ്യന്തര വിപണിയിൽ വിൽക്കുന്ന ഉത്പന്നങ്ങൾക്ക് ആദ്യ പോയിന്റിൽ തന്നെ സംസ്ഥാനങ്ങൾ മൂല്യവർധിത നികുതി (വാറ്റ്) ഈടാക്കുവാനാണ് മറ്റൊരു ധാരണ. ഇതിനു അംഗീകൃത മാനദണ്ഡങ്ങൾ പിന്നീട് നിജപ്പെടുത്തും. കയറ്റുമതിക്ക് മാത്രമാകും ഇളവുകൾ ലഭ്യമാകുക.

(Deepika- 06-05-2007)

06. എല്ലാ വിഭാഗങ്ങൾക്കും പ്രവേശനം നൽകുമെന്ന് ഇന്റർ ചർച്ച് സമിതി

സുപ്രീംകോടതി വിധിപ്രകാരം തങ്ങളുടെ പ്രഫഷണൽ സ്ഥാപനങ്ങളിൽ നൂറുശതമാനം സീറ്റിനും ന്യൂനപക്ഷങ്ങൾക്ക് അവകാശമുണ്ടെങ്കിലും സ്ഥാപനത്തിന്റെ സ്വഭാവമനുസരിച്ചു മറ്റു സമുദായങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്കും പ്രവേശനം നൽകുമെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ. സാമൂഹിക പിന്നോക്കാവസ്ഥ പരിഗണിച്ചു പട്ടികജാതി പട്ടികവർഗത്തിനും പിന്നോക്ക ക്രൈസ്തവർക്കുമായി 15 ശതമാനം വരെ സീറ്റുകൾ മാറ്റിവയ്ക്കും. ചെയർമാൻ ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിലിന്റെ നേതൃത്വത്തിൽ വിവിധ

തലങ്ങളിലുള്ള കോളേജ് മാനേജർമാരുടെ സമ്മേളനമാണ് ഈ നിലപാടു വെളിപ്പെടുത്തിയത്. യോഗ്യരായ പാവപ്പെട്ട വിദ്യാർഥികൾക്കു ഗുണമേന്മയുള്ള പ്രഫഷണൽ വിദ്യാഭ്യാസം ലഭ്യമാക്കാൻ ക്രൈസ്തവ സ്ഥാപനങ്ങളിൽ അവർക്കു സ്കോളർഷിപ്പുകൾ ഏർപ്പെടുത്തും. ഓരോ സ്ഥാപനത്തിന്റെയും സാഹചര്യങ്ങൾ അനുസരിച്ച് മെഡിക്കൽ കോളേജുകളിൽ 25 ശതമാനം വിദ്യാർഥികൾക്കും എൻജിനീയറിംഗ് കോളേജുകളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാ യോഗ്യരായ വിദ്യാർഥികൾക്കും നഴ്സിംങ്, ബി.എഡ് കോളേജുകളിൽ 10 ശതമാനം വരെ വിദ്യാർഥികൾക്കും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തും. ഇതിൽത്തന്നെ ദളിത് ക്രൈസ്തവർക്കും ലത്തീൻ കത്തോലിക്കർക്കും പ്രത്യേക പരിഗണന നൽകും. വിദ്യാഭ്യാസ രംഗത്ത് ബലപ്രയോഗത്തിലൂടെയും ഭീഷണിയിലൂടെയും സർവാധിപത്യം സ്ഥാപിക്കാനുള്ള സർക്കാരിന്റെ നീക്കം ദൗർഭാഗ്യകരമാണ്. ഭരണഘടനാ വിരുദ്ധമായ ഒരു നിയമത്തെ സാധൂകരിച്ചുകിട്ടാൻ കോടിക്കണക്കിനു രൂപ മുടക്കി കേസു നടത്തിയ വിദ്യാഭ്യാസമന്ത്രി കേരള സമൂഹത്തോടു വിശദീകരണം നൽകേണ്ടതാണെന്നും കൗൺസിൽ യോഗം ആവശ്യപ്പെട്ടു. **(Deepika 15-05-2007)**

07. <u>ഒഴിപ്പിക്കൽ നടപടി വ്യാപിക്കണം.</u>

കേരളം കണ്ട വെല്ലുവിളി നിറഞ്ഞ ഒഴിപ്പിക്കൽ നടപടിയാണ് മൂന്നാറിൽ ഒരാഴ്ചയായി നടക്കുന്നത്. കേരളത്തിൽ പ്രകൃതി സമ്പത്തുകൊണ്ട് ഏറ്റവും അനുഗ്രഹീതമായ മൂന്നാർ മേഖലയിൽ രാഷ്ട്രീയ കക്ഷികളുടെയും ഭരണകൂടത്തിന്റെയും ഒത്താശയോടെ സാമ്പത്തിക ശേഷിയും സ്വാധീനവുമുള്ളവരാണ് സർക്കാർ ഭൂമി കൈയേറി റിസോർട്ടുകളും മറ്റു നിർമിതികളും പടുത്തുയർത്തിയിരിക്കുന്നത്. പണത്തിനും പാരിതോഷികങ്ങൾക്കും വഴങ്ങാത്ത സുരേഷ് കുമാർ-ഋഷിരാജ് സിംഗ്-രാജസ്വാമി സംഘം പ്രത്യേകം തെരഞ്ഞെടുത്ത് മൂന്നാർ ഓപ്പറേഷന് നിയോഗിച്ചതിലൂടെ മുഖ്യമന്ത്രി വി. എസ് അച്യുതാനന്ദൻ സർക്കാരിന്റെ ഉദ്ദേശശുദ്ധിയാണ് വിളംബരം ചെയ്തത്. ചുമതലയേറ്റ് ദിവസങ്ങൾക്കുള്ളിൽ കൈയേറ്റഭൂമിയിലെ കോടിക്കണക്കിന് രൂപയുടെ നിർമിതികൾ പൊളിച്ചുമാറ്റാൻ ദൗത്യസംഘത്തിനു കഴിഞ്ഞു. ഇവർക്കാവശ്യമായ ആൾബലവും ആയുധ ബലവും നൽകുന്നതിൽ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. മൂന്നാറിലെ മുഴുവൻ കൈയേറ്റക്കാരെയും ഒഴിപ്പിക്കണം. പക്ഷെ, മൂന്നാറിൽ മാത്രമല്ല കൈയേറ്റം നടക്കുന്നത്. കേരളത്തിന്റെ എല്ലാ മേഖലകളിലും സർക്കാർ വൻതോതിൽ കൈയേറിയിട്ടുണ്ട്. നഗരപ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും സർക്കാർ ഭൂമി കൈയേറി കൂറ്റൻ കെട്ടിടങ്ങൾ നിർമിച്ച ഒട്ടേറെ ദൃഷ്ടാന്തങ്ങൾ കേരളത്തിലുണ്ട്. ഇത്തരം കൈയേറ്റങ്ങൾ അടിയന്തിരമായും ഒഴിപ്പിക്കണം. **(Mangalam17-05-2007)**

08. <u>മലയാളി വൈദികന് ഡൽഹിയിൽ വെടിയേറ്റു.</u>

സ്കൂൾ പ്രിൻസിപ്പലായ മലയാളി വൈദികന് ഡൽഹിയിൽ വെടിയേറ്റു. ദക്ഷിണ ഡൽഹിയിലെ സംഗം വിഹാർ സെന്റ് വിൻസെന്റ് പള്ളോട്ടെൻ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായ ഫാ. ജോർജ്ജ് ഫിലിപ്പി (35)-നാണ് ഇന്നലെ അക്രമികളുടെ വെടിയേറ്റത്. മോഷണം നടത്താനുള്ള ശ്രമം തടഞ്ഞതാണ് വെടിവെയ്പിന് കാരണമെന്ന് കരുതുന്നു. സ്കൂളിൽ അഡ്മിഷൻ ആവശ്യപ്പെട്ട് മൂന്നു ദിവസമായി വന്നിരുന്ന രണ്ടു പേരാണ് ഫാ. ജോർജിനെ വെടിവെച്ചത്. ആദ്യ രണ്ടു ദിവസവും ഫാദർ സ്ഥലത്തില്ലാത്തതിനാൽ ഇവർ മടങ്ങിപ്പോയി. തുടർന്ന് ഇന്നലെ രാവിലെ വന്ന് അഡ്മിഷൻ കാര്യം അന്വേഷിച്ചെങ്കിലും ഇതിനുള്ള സമയം കഴിഞ്ഞുപോയെന്ന് ഫാദർ ഇവരെ അറിയിച്ചു. വൈകീട്ട് വീണ്ടും മടങ്ങിവന്ന ഇവർ അഡ്മിഷൻ ഫോം ആവശ്യപ്പെടുകയും ഫാദർ നിരസിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് വാക്കു തർക്കത്തിൽ ഇവർ ഫാദറിന്റെ മൊബൈൽ ഫോൺ പിടിച്ചു വാങ്ങി. ഇത് ചെറുക്കാനുള്ള ശ്രമത്തിനിടെയാണ് അക്രമികൾ വെടിവെച്ചതെന്നു കരുതുന്നു. അഡ്മിഷൻ സമയമായതിനാൽ സ്കൂളിൽ ധാരാളം പണം കാണുമെന്ന പ്രതീക്ഷയിലാണ് അക്രമികൾ വന്നതെന്ന് സ്കൂൾ അധികൃതർ പറഞ്ഞു. വെടിവെയ്പിന്റെ ശബ്ദം കേട്ട് സ്കൂളിലെ മറ്റുള്ളവർ ഓടി വന്ന് പട്ടിയെ പട്ടിയെ അഴിച്ചു വിട്ടു. ബഹളമുണ്ടായതോടെ അക്രമികൾ ഓടിമറയുകയായിരുന്നു.

നെഞ്ചിനു തൊട്ടു മുകളിലായി കൊണ്ട വെടിയുണ്ട അവിടം തുളച്ച് പുറത്ത് കടക്കുന്ന അവസ്ഥയിലായിരുന്നു. അക്രമികൾ മൂന്നു വെടിയുണ്ടയുതിർത്തിരുന്നു. സ്കൂൾ അധികൃതർ ഉടൻ തന്നെ ഫാദറിനെ അടുത്തുള്ള ബത്ര ആശുപത്രിയിൽ എത്തിക്കുകയും വെടിയുണ്ട നീക്കം ചെയ്യുകയും ചെയ്തു. തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന ഫാദർ അപകടനില തരണം ചെയ്തിട്ടുണ്ട്. **(Deepika 16-05-2007)**

09. മുരിങ്ങൂർ ധ്യാനകേന്ദ്രം അന്വേഷണം തുടരാം.

മുരിങ്ങൂർ ധ്യാനകേന്ദ്രവുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് നടത്തുന്ന അന്വേഷണം തുടരാൻ സുപ്രീംകോടതി അനുവാദം നൽകി. അതേസമയം, കോടതിയുടെ മുൻകൂർ അനുവാദമില്ലാതെ ഈ കേസിൽ ആരെയും അറസ്റ്റു ചെയ്യാൻ പാടില്ലെന്ന് ജസ്റ്റിസുമാരായ എസ്. എച്ച്. കപാഡിയ, സുദർശൻ റെഡ്ഡി എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. മുരിങ്ങൂർ ധ്യാനകേന്ദ്രത്തിന്റെ ഭരണാധികാരികൾക്കെതിരെ കഴിഞ്ഞ മാസം 28–നാണ് പോലീസ് എഫ്. ഐ. ആർ രജിസ്റ്റർ ചെയ്തത്.

അത് സറ്റേ ചെയ്യണമെന്നാവശ്യപ്പെട്ട് മുരിങ്ങൂർ ധ്യാനകേന്ദ്രം അധികൃതർ സമർപ്പിച്ച അപേക്ഷയിലാണ് കോടതിയുടെ ഉത്തരവുണ്ടായത്. എന്നാൽ അന്വേഷണ നടപടികൾ സ്റ്റേ ചെയ്യരുതെന്ന് സംസ്ഥാന സർക്കാർ വാദിച്ചു. അന്വേഷണം നല്ല നിലയിലാണ് പുരോഗമിക്കുന്നത്. അന്വേഷണം സ്റ്റേ ചെയ്യാൻ പാടില്ലെന്ന നിലപാടിനോട് കോടതി യോജിച്ചു. എന്നാൽ അന്വേഷണത്തിന്റെ ഭാഗമായി ആരെയെങ്കിലും അറസ്റ്റു ചെയ്യണമെങ്കിൽ കോടതിയുടെ മുൻകൂർ അനുമതി വാങ്ങണം. സംസ്ഥാന സർക്കാരിനുവേണ്ടി സ്റ്റാൻഡിങ്ങ് കൗൺസിൽ ജി. പ്രകാശ് ഹാജരായി. (Mathrubhumi 18þ05þ2007)